# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 476 — 06.02.2013 ലെ മറുപടിക്ക്

### ജലഗതാഗത വകുപ്പിലെ ഇ-ഗവേണൻസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ;<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ;<br>ശ്രീ. ജോസഫ് വാഴക്കൻ;<br>ശ്രീ. വി.ഡി സതീശൻ; | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി) | |
| (എ) | ജലഗതാഗത വകുപ്പിൽ ഇ-ഗവേണൻസ് ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) | ഉണ്ട്. വകുപ്പിന്റെ ആസ്ഥാന ഓഫീസിലും, വകുപ്പിന് കീഴിൽ പ്രവർത്തിച്ചു വരുന്ന റീജിയണൽ ഓഫീസുകളിലും എല്ലാ സ്റ്റേഷൻ ഓഫീസുകളിലും ഇ - ഗവേണൻസ് ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത വകുപ്പിൽ ഇ-ഗവേണൻസ് ഏർപ്പെടുത്തിയതിന്റെ ഉദ്ദേശ ലക്ഷ്യ ങ്ങളും പ്രവർത്തന രീതിയും എന്തൊ ക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | പൊതു ജനങ്ങൾക്ക് മെച്ചപ്പെട്ട രീതിയിൽ വകുപ്പിന്റെ സേവനം ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ഇ-ഗവേണൻസ് നടപ്പിലാക്കിയിരിക്കുന്നത്.<br>1)8-2-2010 നാണ് വെബ്സൈറ്റ് ആരംഭിച്ചത്. വകുപ്പിൻെറ വെബ്സൈറ്റും പോർട്ടലും കാലാകാലമായി പരിഷ്കരിക്കുന്നതിനും അതിലെ വിവരങ്ങൾ ആനുകാലികമായി നല്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഇതിലേക്കായി ഒരു നോഡൽ ഓഫീസറേയും നിയോഗിച്ചിട്ടുണ്ട്.<br>2) വകുപ്പിന്റെ 14 സ്റ്റേഷൻ ഓഫീസുകൾ കമ്പ്യൂട്ടറൈസ് ചെയ്യുകയും ബന്ധപ്പെട്ട സോഫ്റ്റ്വെയറുകൾ ഇൻസ്റ്റാൾ ചെയ്യുകയും ചെയ്തിട്ടുണ്ട്.<br>3) നിലവിൽ ഓപ്പറേറ്റ് ചെയ്യുന്ന 50 ബോട്ട് ഷെഡ്യൂളുകളിൽ ടിക്കറ്റ് വെൻഡിങ്ങ് മെഷീൻ സംവിധാനം ഇ - ഗവേണൻസ് മുഖാന്തിരം നടപ്പിലാക്കി. |

| | | | |
|---|---|---|---|
| | | | 4) ജീവനക്കാരുടെ ഹാജരിന്റെ കൃത്യനിഷ്ഠം ഉറപ്പുവരുത്തുന്നതിനായി വകുപ്പിൻെറ ആസ്ഥാന ഓഫീസിലും, റീജിയണൽ ഓഫീസുകളിലും ഡോക്ക് ആൻഡ് റിപ്പയർ വിഭാഗത്തിലും ഇ - ഗവേണൻസിൻെറ ഭാഗമായി ബയോമെട്രിക്ക് പഞ്ചിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ഏതെല്ലാം സൗകര്യങ്ങളാണ് പൊതു ജനങ്ങൾക്ക് ഇ-ഗവേണൻസ് വഴി ലഭിക്കുന്നത് ; വിശദമാക്കുമോ ; | (സി) | വകുപ്പിന്റെ വെബ്സൈറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ബോട്ടുകളുടെ സമയക്രമങ്ങൾ, ബോട്ടുകൾ സഞ്ചരിക്കുന്ന റൂട്ടുകൾ, കാണാവുന്ന കാഴ്ചകൾ, പൗരാവകാശരേഖ, വിവരാവകാശത്തിനായി ബന്ധപ്പെടേണ്ട ഫോൺ നമ്പറുകൾ, വകുപ്പിന്റെ ഘടനയും പ്രവർത്തന രീതിയും തുടങ്ങി വകുപ്പുമായി ബന്ധപ്പെട്ട മുഴുവൻ വിവരങ്ങളും പൊതുജനങ്ങൾക്ക് അറിയുവാൻ സാധിക്കുന്നു. ടിക്കറ്റ് വെൻഡിങ്ങ് മെഷീൻ സംവിധാനം മുഖേന ജീവനക്കാർക്ക് കൃത്യമായും കാലതാമസം കൂടാതെയും ടിക്കറ്റുകൾ നല്കുവാൻ സാധിക്കുന്നു. |
| (ഡി) | ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇ-ഗവേണൻസ് നടപ്പിലാക്കുന്നത് ? | (ഡി) | 1) വകുപ്പിന്റെ വെബ്സൈറ്റ് 'നാഷണൽ ഇൻഫോർമാറ്റിക്ക് സെന്റർ' മുഖാന്തിരം നടപ്പിലാക്കി.<br>2) പഞ്ചിംഗ് സംവിധാനം 'കെൽട്രോൺ' മുഖേന ഏർപ്പെടുത്തി.<br>3) സ്റ്റേഷൻ ഓഫീസ് കമ്പ്യൂട്ടർവത്കരണം, ബോട്ടുകളുടെ ടിക്കറ്റ് വെൻഡിങ്ങ് മെഷൻ എന്നിവ 'സോഫ്റ്റ് ലാന്റ്' എന്ന ഏജൻസി വഴി നടപ്പിലാക്കി. |

| | | | |
|---|---|---|---|
| | | | 4) വകുപ്പിന്റെ ഇൻവെന്ററി മാനേജ്മെന്റ് സംവിധാനം 'സി - ഡിറ്റ്' മുഖാന്തിരം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>5) ഇ - ടെൻഡറിങ്ങ് സംവിധാനം നാഷണൽ ഇൻഫോർമാറ്റിക്ക് സെന്റർ മുഖേന ഏർപ്പെടുത്താനുള്ള നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ